# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:785 17.07.2014 - ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ക്ഷമത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി ചെറുതും വലുതുമായ 74 പദ്ധതികൾ പൂർത്തീകരിക്കുകയും ഇതിലൂടെ കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുകയും ചെയ്തു. പുതിയ ഒരു പൈപ്പ് പോളിസി അംഗീകരിച്ച് നടപ്പാക്കി. പൈപ്പ് ചോർച്ച മൂലം ശുദ്ധജലം നഷ്ടപ്പെടുന്നത് തടയുന്നതിന് വേണ്ടി സംസ്ഥാന ബജറ്റിൽ പ്രത്യേക ഫണ്ട് വകയിരുത്തി കാലപ്പഴക്കം ചെന്നതും നിരന്തരം പൊട്ടുന്നതുമായ പൈപ്പുകൾ മാറ്റിയിട്ടു വരുകയും അതിലൂടെ ശുദ്ധജലം കൂടുതലായി ജനങ്ങൾക്ക് എത്തിക്കുവാനും സാധിക്കുന്നു. ഇതിനു പുറമെ കൂടുതൽ ജനങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനു വേണ്ടി എൻ.ആർ.ഡി.ഡബ്ല്യൂ.പി., നബാർഡ്, സ്റ്റേറ്റ് പ്ലാൻ എന്നിവയിലുൾപ്പെടുത്തി വിവിധ പദ്ധതികൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. |

പ്രോജക്ടുകളുടെ നടത്തിപ്പിനായി പ്രത്യേക ഡിവിഷൻ രൂപീകരിച്ചു. ഇ-ടെണ്ടർ നടപ്പിലാക്കി, ഗാർഹിക വാട്ടർ കണക്ഷൻ നല്കാനുള്ള നടപടികൾ ലഘൂകരിച്ചു.

സ്ഥാപന ശാക്തീകരണം, ഹെൽപ്പ് ലൈൻ പരാതികൾ സ്വീകരിക്കൽ, ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി പാസ്ക് സോഫ്ട്വെയർ ഏർപ്പെടുത്തി. വീഡിയോ കോൺഫറൻസിംഗ് വഴി എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നു.

കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി സ്റ്റെപ്പ്സ്, ഒ & എം., ബിൽ എൻട്രി, എച്ച്.ആർ., ഇ-അബാക്കസ്, ബില്ലിംഗ്, ഓഫീസ് ഓട്ടോമേഷന്റെ ഭാഗമായി ഓഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കൽ എന്നിവ നടത്തിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ പെൻഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രീകൃത പെൻഷൻ വിതരണ സമ്പ്രദായം നടപ്പിലാക്കി. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ബയോ മെട്രിക് പഞ്ചിംഗ് സംവിധാനവും കമ്പ്യൂട്ടർ വഴി ഫയലുകൾ നീക്കുന്നതിനായി ഡി.ഡി.എഫ്.എസ്. എന്ന സോഫ്ട്വെയറും നടപ്പിലാക്കി.

കൂടാതെ സേവനാവകാശ നിയമം നടപ്പിലാക്കുകയും ട്രേഡ് യൂണിയനുകളുടെ റഫറണ്ടം നടപ്പിലാക്കുകയും ചെയ്തു.

ജൈക്ക സാമ്പത്തിക സഹായത്തോടെ സ്ഥാപന ശാക്തീകരണം മുഖേന വിവിധ പ്രവൃത്തികളിലൂടെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ക്ഷമത മെച്ചപ്പെടുത്തി വരുന്നു.

(ബി) ഇതിനായി എത്ര പദ്ധതികൾ അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിനായി അനുവദിച്ച് പദ്ധതികളുടെ വിശദ വിവരം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(സി) മുടങ്ങിക്കിടന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(സി) & (ഡി) മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥൻമാരുടെയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. എല്ലാ മാസവും വീഡിയോ കോൺഫറൻസിംഗ് മുഖേന മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ അവലോകനം നടത്തുന്നുണ്ട്.

പ്രധാന ഘടകങ്ങൾക്ക് സ്ഥലം ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് പഞ്ചായത്തുകളുമായി കൂടി ആലോചിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ട്.

പൈപ്പ് ഇടുന്നതിന് ആവശ്യമായ ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരം സംബന്ധിക്കുന്ന തടസ്സങ്ങൾ അതാത് ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമായി ആലോചിച്ച് തീർപ്പാക്കി വരുന്നു.

ജൈക്ക പദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറും പദ്ധതിയുടെ ചുമതലയുള്ള ചീഫ് എഞ്ചിനീയറും നിരന്തരം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വകുപ്പ്മന്ത്രി തലവനായിട്ടുള്ള കോ-ഓർഡിനേഷൻ കമ്മിറ്റി, ചീഫ് സെക്രട്ടറി തലവനായിട്ടുള്ള എംപവേർഡ് കമ്മിറ്റി, . ഫണ്ട് റീലിസ് കമ്മിറ്റി എന്നിവ സർക്കാർ തലത്തിൽ പ്രോജക്ടിന്റെ നടത്തിപ്പിനായി പ്രത്യേകം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായി വരുന്ന നിർദ്ദേശങ്ങളും അംഗീകാരങ്ങളും കേരള വാട്ടർ അതോറിറ്റി ബോർഡിൽ നിന്നും നല്കുന്നുണ്ട്. ജില്ലാ തലത്തിലും കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്